## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2321

08.12.2015-ലെ മറുപടിയ്ക്ക്

### കൺസ്യൂമർ ഫെഡിലെ അഴിമതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കൺസ്യൂമർ ഫെഡിലെ അഴിമതി ആരോപണങ്ങളെ തുടർന്ന് വിജിലൻസ് ഉൾപ്പെടെ അന്വേഷണങ്ങൾ നേരിടുന്ന ഉദ്യോഗസ്ഥർ ആരെല്ലാം; നിലവിൽ ഇവർ എവിടെയെല്ലാം ജോലി നോക്കി വരുന്നു; വിശദമാക്കുമോ; | (എ) കൺസ്യൂമർഫെഡറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാനേജിംഗ് ഡയറക്ടറായിരുന്ന ഡോ.റിജി ജി.നായർ, ഫെഡറേഷനിലെ ജീവനക്കാരായ ശ്രീ.ആർ.ജയകുമാർ, ശ്രീ.എം.ഷാജി, ശ്രീ.സ്രീഷ് സുകുമാരൻ, ശ്രീ.ഷാജു.കെ എന്നിവർ വിജിലൻസ് അന്വേഷണം നേരിടുന്നു. ശ്രീ.എം.ഷാജി ഒഴികെയുള്ള മറ്റു ജീവനക്കാർ സസ്പെൻഷനിലാണ്. ശ്രീ.എം.ഷാജി പത്തനംതിട്ട റീജിയണൽ ഓഫീസിൽ ജോലി ചെയ്തുവരുന്നു. |
| (ബി) വിജിലൻസ് അന്വേഷണങ്ങളിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് കോടതികളിൽ ആരുടെയെല്ലാം പേരിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കുമോ; | (ബി) വിജിലൻസ് അന്വേഷണങ്ങളിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുള്ളതായ റിപ്പോർട്ടുകൾ ഒന്നുംതന്നെ സഹകരണ വകുപ്പിൽ ലഭിച്ചിട്ടില്ല. |

(സി) പ്രസ്തുത ഉദ്യോഗസ്ഥരിൽ ആർക്കെല്ലാം ഈ സർക്കാർ സ്ഥാനക്കയറ്റം നൽകിയെന്നും എപ്രകാരമുള്ള സ്ഥാനക്കയറ്റമാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥരിൽ ആർക്കും തന്നെ സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

(ഡി) കൺസ്യൂമർ ഫെഡ് നിലവിൽ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ; പ്രസ്തുത സ്ഥാപനത്തിന്റെ ഒരു മാസത്തെ ശരാശരി വരവ് ചിലവ് കണക്കുകൾ ലഭ്യമാക്കുമോ?

(ഡി) നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സ്ഥാപനത്തിന്റെ ഒരു മാസത്തെ ശരാശരി വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| വരവ് | ചെലവ് |
|---|---|
| 21,64,40,874.69 | 353358036.54 |
| 21.64 കോടി രൂപ | 35.33 കോടി രൂപ |

സെക്ഷൻ ഓഫീസർ